**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3014**

**18.06.2018-ൽ മറുപടിക്ക്**

## വൈപ്പിനിലെ കാളമുക്ക് ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എസ്.ശർമ്മ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | വൈപ്പിനിലെ കാളമുക്ക് ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ), (ബി) & (സി) | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസന പ്രവൃത്തികൾക്കായി ടി.ആർ.പി പദ്ധതിയിലുൾപ്പെടുത്തി 2007-ൽ 72 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 56 മീറ്റർ നീളത്തിൽ വാർഫിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് 45.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പൂർണ്ണമായ പ്രവർത്തനത്തിന് പാർക്കിംഗ് ഏരിയയും അപ്രോച്ച് റോഡും നിർമ്മിക്കേണ്ടതുണ്ട്. ടി പ്രവർത്തികൾക്കായി 12.552 സെന്റ് സ്ഥലം ആവശ്യമാണ്. ടി സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിലെ എൽ.എ വിഭാഗവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനും, നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും ഉൾപ്പെടെ 473 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ സ്ഥലമെടുപ്പ് നിയമം 2013 പ്രകാരം നഷ്ടപരിഹാര തുകയുടെ 5% അനുഷംഗിക ചെലവുകൾക്കായി കണക്കാക്കി എൽ.എ തഹസിൽദാരുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ട്. ഈ തുക ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കു. ആയതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാരംഭ ചെലവുകൾക്കുള്ള തുക അനുവദിച്ചാലുടനെ സ്ഥലം സർവ്വേ ചെയ്ത് ഉടമകളുമായി നെഗോഷ്യബിൾ പർച്ചേസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഹാർബറിലേക്ക് കടന്നുവരുന്നതിനുള്ള ഗതാഗതസംവിധാനം ഉറപ്പാക്കാൻ ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | ഹാർബറിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**